മാതൃഭൂമി

29 December 2024

# സി.എം.എഫ്.ആർ.ഐ. ശാസ്ത്രജ്ഞർക്ക് നാസ് അംഗീകാരം

**കൊച്ചി▸** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) രണ്ട് ശാസ്ത്രജ്ഞർക്ക് നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസിന്റെ (നാസ്) അംഗീകാരം.

സീനിയർ സയന്റിസ്റ്റ് ഡോ. എൽദോ വർഗീസിനെ നാസ് ഫെലോ ആയും സയന്റിസ്റ്റ് ഡോ. ടി.ജി. സുമിത്രയെ നാസ് അസോസിയേറ്റായും തിരഞ്ഞെടുത്തു. കാർഷികരംഗത്ത് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഗവേഷകരുടെ ദേശീയ കൂട്ടായ്മയാണ് നാസ്.



ഡോ. എൽദോ വർഗീസ്



ഡോ. ടി.ജി. സുമിത്ര